A-2974/17

പ്രേക്ഷിതൻ

**ശെൽവരാജൻ. സി**
ഭാഗ്യനിലയം, പനംകുറ്റി
പെരുവെമ്പ് പോസ്റ്റ്,
പാലക്കാട് - 678624

17/7/17

സ്വീകർത്താവ്
**ജില്ലാ ~~പ്രോഗ്രാം~~ സാമൂഹ്യ നീതി ആഫീസർ,**
~~ICDS~~ പാലക്കാട്.

**വിഷയം : വിവരാവകാശ നിയമം ലംഘിക്കുന്നതിലുള്ള പരാതി**

സർ,

ഞാൻ 23.12.2017ന് വിവരാവകാശ നിയമപ്രകാരം മലമ്പുഴ ICDS പ്രോജക്റ്റ് ആഫീസിലെ PIO യ്ക്ക് അപേക്ഷ നൽകിയിരുന്നു.

24 ദിവസത്തിന് ശേഷം 16.01.2017 എനിക്ക് മറുപടി ലഭിച്ചു.

വിവരാവകാശ നിയമത്തിന് നാണക്കേടുണ്ടാക്കുന്ന മറുപടിയാണ് തന്നത്.

ഞാൻ ഈ അവകാശനിഷേധത്തിനെതിരെ 08.02.2017ന് ഒന്നാം അപ്പീൽ നൽകി.

ഒന്നാം അപ്പീൽ അധികാരി 14.03.2017ന് ഹിയറിംഗ് നടത്തി.

ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് 31.03.2017ന് ഇറങ്ങി.

ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് 05.04.2017ന് ലഭിച്ച PIO 04.05.2017നാണ് മറുപടി തന്നിരിക്കുന്നത്. (29 ദിവസത്തിനുശേഷം)

വിവരാവകാശ നിയമപ്രകാരം 30 ദിവസം കഴിഞ്ഞ് നൽകുന്ന വിവരങ്ങളും രേഖകളും അപേക്ഷകന് സൗജന്യമായി നൽകണമെന്നാണ് വ്യവസ്ഥ.

(ആദ്യത്തെ 24 ദിവസവും, അപ്പീലിനു ശേഷം 29 ദിവസവും ചേർത്ത് 53 ദിവസം വൈകി)

അതുകൊണ്ട് എന്റെ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളും രേഖകളും സൗജന്യമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടാതെ 04.05.2017ന് തന്ന മറുപടിയിൽ പേജ് ഒന്നിന് 2 രൂപ നിരക്കിൽ പൈസ അടക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. എത്ര പേജ് വീതം ഓരോ ചോദ്യത്തിനും ഉണ്ടെന്നും എത്ര രൂപ അടയ്ക്കണമെന്നും പറഞ്ഞിട്ടില്ല.

മേൽപ്പറഞ്ഞ വിവരാവകാശ നിയമം ലംഘനം നടത്തിയ PIO യുടെ പേരിൽ വകുപ്പ് തല നടപടിയും RTI Act പ്രകാരമുള്ള നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

പാലക്കാട്

~~01.06.2017~~
14.07.2017

**ശെൽവരാജൻ. സി**